

# Palakkad Police Action

www.facebook.com/palakkadpolice
www.twitter.com/DpcPalakkad

## *അതിമാരക ന്യൂജൻ മയക്കമരുന്നുമായി യുവാവ് പിടിയിൽ*

ആഗോളതലത്തിൽ നിരോധിച്ചതും, അതി മാരക മയക്കമരുന്നു ശ്രേണിയിൽ പെട്ടതുമായ ആറര ഗ്രാം എം.ഡി.എം.എ [ മിഥൈലിൻ ഡൈയോക്സി മെത്താം ഫെറ്റാമിൻ] ആണ് പിടികൂടിയത്. പാലക്കാട് ജില്ലാ ലഹരി വിരുദ്ധ സ്ക്വാഡും [DANSAF] , ടൗൺ സൗത്ത് പോലീസും നടത്തിയ പരിശോധനയിലാണ് ഇന്നലെ രാത്രി രഹസ്യവിവരം കിട്ടിയതിൻെറ അടിസ്ഥാനത്തിൽ പാലക്കാട് KSRTC ബസ് സ്റ്റാന്റിനു പുറകിലുള്ള ലിങ്ക് റോഡിൽ വെച്ച് യുവാവിനെ കസ്റ്റഡിയിലെടുത്തത്.




തൃശ്ശൂർ, ചെന്ത്രാപ്പിന്നി, നവക്കോട് വീട്ടിൽ സന്ദീപ്, വ : 22 നെയാണ് പോലീസ് പിടികൂടിയത്. ഇയാളുടെ പക്കൽ നിന്നും 17 പാക്കറ്റുകളിലായാണ് ആറര ഗ്രാം മയക്കമരുന്ന്

കണ്ടെടുത്തത്. പിടികൂടിയ മയക്കമരുന്നിന് വിപണിയിൽ ഒരു ലക്ഷം രൂപയോളം വില വരും. കോയമ്പത്തൂർ, പിച്ചനൂരിലെ ഒരു സ്വാശ്രയകോളേജിനടുത്ത് വാടക വീട്ടിൽ താമസിച്ചു വരികയാണ് പ്രതി. കോയമ്പത്തൂർ, പാലക്കാട് അതിർത്തിയിൽ പ്രവർത്തിച്ചു വരുന്ന വിവിധ കോളേജ് വിദ്യാർത്ഥികളാണ് ഇത്തരം മയക്കമരുന്നിന്റെ മുഖ്യ ഉപഭോക്താക്കൾ , കൂടാതെ പാലക്കാട് ,തൃശ്ശൂർ കേന്ദ്രീകരിച്ചും പ്രതി വിദ്യാർത്ഥികൾക്ക് മയക്കമരുന്ന് വില്പന നടത്തി വരുന്നതായി സമ്മതിച്ചു. ഒരു പായ്ക്കറ്റിന് 5000 രൂപയാണ് ഈടാക്കുന്നത്. സമ്പന്നരായ വിദ്യാർത്ഥികളെയാണ് ലഹരി മാഫിയ ലക്ഷ്യമിടുന്നത്.

സിന്തറ്റിക് ഡ്രഗ്സ് വിഭാഗത്തിൽപ്പെട്ട MDMA ഒരു മില്ലി ഗ്രാം പോലും കൈവശം വെക്കാൻ പാടില്ലാത്ത മയക്കമരുന്നാണ്. ഗോവ, ബാംഗ്ലൂർ എന്നിവിടങ്ങളിൽ നിന്നുമാണ് MDMA എത്തുന്നതെന്നാണ് പ്രതി പറഞ്ഞത്. സംസ്ഥാന പോലീസ് മേധാവിയുടെ നിർദ്ദേശത്തെത്തുടർന്ന് ജില്ലാ അടിസ്ഥാനത്തിൽ രൂപീകരിച്ച ഡാൻസാഫ് സ്ക്വാഡിന്റെ നേതൃത്വത്തിൽ നടത്തിവരുന്ന പ്രത്യേക ഓപ്പറേഷ ന്റെ ഭാഗമായാണ് പരിശോധന നടത്തി വരുന്നത്.

പാലക്കാട് ജില്ലാ പോലീസ് മേധാവി G. ശിവവിക്രം IPSന്റെ നിർദ്ദേശപ്രകാരം, പാലക്കാട് നർകോട്ടിക് സെൽ DySP ബാബു Kതോമസ്, പാലക്കാട് DySP സാജു K എബ്രഹാം , ടൗൺ സൗത്ത് ഇൻസ്പെക്ടർ P.ജ്യോതീന്ദ്രകുമാർ, SCPO T.A.ഷാഹുൽ ഹമീദ്, ഡാൻസാഫ് സ്ക്വാഡ് അംഗങ്ങളായ SI. S.ജലീൽ, റഹിം മുത്തു, R. കിഷോർ, K. അഹമ്മദ് കബീർ, R. വിനീഷ്, R. രാജീദ് എന്നിവരടങ്ങിയ സംഘമാണ് മയക്കമരുന്ന് പിടികൂടിയത്.

..........................................................................................................................................

